**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5256** **23/05/2017-ൽ മറുപടിയ്ക്ക്**

# പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനും പുതിയ പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം. സ്വരാജ്** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷിവകുപ്പ് മുഖേന പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനുമായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

എ) & ബി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം (ആനയറ), നെടുമങ്ങാട്, കൊച്ചി (മരട്), മൂവാറ്റുപുഴ, കോഴിക്കോട് (വേങ്ങേരി), സുൽത്താൻബത്തേരി എന്നീ 6 മൊത്തവ്യാപാര വിപണികളെ കൂടാതെ കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. സംഭരണ വിതരണ കേന്ദ്രങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ടി വിപണികളിൽ എത്തിച്ച് നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. ലേലത്തിന് മുന്നോടിയായി ഉല്പന്നങ്ങൾ തരംതരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്യുന്നതു മുഖേന ന്യായവില ഉറപ്പാക്കുന്നു.

സംസ്ഥാനത്തെ കർഷകരിൽ നിന്നും, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്തവ്യാപാര വിപണികൾ എന്നിവ മുഖേനയും കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ സംഭരിച്ച് പൊതുവിപണി വിലയേക്കാൾ കുറഞ്ഞത് 10 മുതൽ 30 ശതമാനം വരെ വിലകുറച്ച് ഹോർട്ടികോർപ്പ് വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

ഉത്സവ സീസണുകളിൽ, സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി കൃഷി വകുപ്പും ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെ.യും റീട്ടെയിൽ വിപണികൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഓണക്കാലത്ത് കൃഷി വകുപ്പ് അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ കർഷകരിൽ നിന്നും നേരിട്ട് പഴം, പച്ചക്കറി ഉല്പന്നങ്ങൾ ന്യായവില നൽകി സംഭരിച്ചുകൊണ്ട് സംസ്ഥാനമൊട്ടാകെ 1350 ഓണവിപണികൾ ആരംഭിക്കുകയും പൊതുവിപണിയേ-ക്കാൾ 30% കുറഞ്ഞ വിലയിൽ ഉല്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2017 ഏപ്രിൽ മാസം 12, 13 തീയതികളിലും കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 1082 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ചുകൊണ്ട് കർഷകരിൽ നിന്നും ന്യായമായ വില നൽകി പച്ചക്കറികൾ സംഭരണം നടത്തി പൊതു വിപണിയേക്കാൾ 30% കുറഞ്ഞ വിലയിൽ നാടൻ ഉല്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ GAP സർട്ടിഫൈഡ് ഉല്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. നാഫെഡും അന്യ സംസ്ഥാന മാർക്കറ്റിംഗ് ബോർഡുകളുമായി ബന്ധപ്പെട്ട് കേരളത്തിനു പുറത്തു നിന്നുള്ള ഉല്പന്നങ്ങൾ സംസ്ഥാനത്ത് എത്തിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. കൂടാതെ സംസ്ഥാനത്തെ പച്ചക്കറി വില നിയന്ത്രിക്കുന്നതിന് ഹോർട്ടികോർപ്പ് മുഖേനയും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

നാഫെഡും അന്യ സംസ്ഥാന മാർക്കറ്റിംഗ് ബോർഡുകളുമായി ബന്ധപ്പെട്ട് കേരളത്തിനു പുറത്തു നിന്നുള്ള ഉല്പന്നങ്ങൾ സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ